"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- കിഫ്ബി ധനസഹായത്തോടെ ഇംപാക്ട് കേരള മുഖേന നിർവഹിയ്ക്കുന്ന ഹരിപ്പാട് നഗരസഭ ആധുനിക വാതക ശ്മശാനം- അധിക നിരക്കിലെ ടെണ്ടർ അംഗീകരിച്ച് പുതുക്കിയ ഭരണാനുമതി നൽകി- ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

**തദ്ദേശ സ്വയംഭരണ(പിപി) വകുപ്പ്**

സ.ഉ.(കൈ) നം.56/2026/LSGD തീയതി,തിരുവനന്തപുരം, 17-02-2026

പരാമർശം:-
1. സ.ഉ.(സാധാ)നം.3711/2017/തസ്വഭവ തീയതി 18.11.2017
2. സ.ഉ.(കൈ)നം.69/2018/ഫിൻ തീയതി 24.02.2018
3. സ.ഉ.(അച്ചടി)നം.21/2025-ഫിൻ തീയതി 26.02.2025

**ഉത്തരവ്**

150 തദ്ദേശ സ്ഥാപനങ്ങളിൽ 123 കോടി രൂപ ചെലവിൽ ആധുനിക വാതക ശ്മശാനം നിർമ്മിക്കുന്നതിന് പരാമർശം (1) പ്രകാരം ഭരണാനുമതി നൽകിയിരുന്നു. ഇതിൻ പ്രകാരം ഹരിപ്പാട് നഗരസഭയിൽ ആധുനിക വാതക ശ്മശാനം നിർമ്മിക്കുന്നതിന് ₹1,41,00,019 രൂപയ്ക്ക് (ജിഎസ് ടി ഒഴികെ) കിഫ്ബി ധനാനുമതി നൽകുകയും 11.12.2024 ന് നടന്ന ഇംപാക്ട് കേരളയുടെ ടെക്നിക്കൽ കമ്മിറ്റി ടി പദ്ധതിയ്ക്ക് ₹1,40,29,748 രൂപയ്ക്ക് (ഡിഎസ്ആർ 2018) സാങ്കേതികാനുമതി നൽകുകയും ചെയ്തു.

(2) പദ്ധതിയുടെ നിർവഹണ ഏജൻസിയായ ഇംപാക്ട് കേരള **03.02.2025** തീയതിയിൽ ടി പ്രവൃത്തി ടെൻഡർ ചെയ്തുവെങ്കിലും ബിഡുകൾ ഒന്നും തന്നെ ലഭ്യമാകാത്ത സാഹചര്യത്തിൽ **01.03.2025** ന് നടത്തിയ റീടെൻഡറിൽ ഒരു ബിഡ് മാത്രമാണ് ലഭ്യമായത്. കരാറുകാരനുമായി ചർച്ച ചെയ്ത് എത്തിയ തുക ടെൻഡറിൽ നൽകിയിരുന്ന **Probable amount of contract** നേക്കാൾ **(PAC) 32.68%** അധികമായതിനാൽ **LMR justification** നടത്തിയപ്പോൾ, സിവിൽ വർക്ക്സിന് മാത്രം ചിലവ് **7.80%** കൂടുതലായതായി കണ്ടെത്തി. ഇതിന്റെ

പശ്ചാത്തലത്തിൽ പ്രസ്തുത ടെൻഡർ ഒഴിവാക്കി 17.05.2025-ന് പ്രവൃത്തി വീണ്ടും റീടെൻഡർ ചെയ്തപ്പോൾ ഒരേ ഒരു ബിഡ് മാത്രമാണ് ലഭിച്ചത്. തുടർന്ന് 02.06.2025-ന് ടെക്നിക്കൽ ബിഡ് ഓപ്പൺ ചെയ്യുകയും ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ ഓപ്പറേറ്റീവ് സൊസൈറ്റി സമർപ്പിച്ച ബിഡ് ടെക്നിക്കൽ യോഗ്യതകൾ തൃപ്തികരമായതിനാൽ ₹ 1,86,14,669/- എന്ന തുകയ്ക്ക് ഫിനാൻഷ്യൽ ബിഡ് ഓപ്പൺ ചെയ്യുകയും ചെയ്തു. പ്രസ്തുത തുക ടെൻഡറിൽ നൽകിയിരുന്ന Probable Amount of Contract (PAC)-നേക്കാൾ 32.68% അധികമായിരുന്നതിനാൽ, **LMR justification** നടത്തിയപ്പോൾ, സിവിൽ വർക്കുകളുടെ മാത്രം ചെലവ് 7.55% അധികമാണെന്നു കണ്ടെത്തി.

| എസ്റ്റിമേറ്റ് തുക(ജിഎസ് ടി ഒഴികെ) | ക്വാട്ട് ചെയ്ത കൺസ്ട്രക്ഷൻ തുക (ജിഎസ് ടി ഒഴികെ) | നെഗോഷ്യേറ്റഡ് കൺസ്ട്രക്ഷൻ തുക (ജിഎസ് ടി ഒഴികെ) | ടെൻഡർ എക്സസ് |
|---|---|---|---|
| ₹1,40,29,748 | ₹ 1,86,14,669 | ₹ 1,86,14,669 | 32.68% |

(3) പരാമർശം (3) പ്രകാരം, സംസ്ഥാനത്ത് നിലവിൽ വന്നിട്ടുള്ള ഡിഎസ്ആർ 2021 പ്രകാരമുള്ള നിരക്കുകളുടെ അടിസ്ഥാനത്തിൽ പുതുക്കി ലഭ്യമായ എസ്റ്റിമേറ്റ് തുക ₹1,51,37,318 രൂപയാണ്. പ്രസ്തുത നിരക്കിന്റെ അടിസ്ഥാനത്തിൽ ക്വാട്ട് ചെയ്ത തുക 22% അധികമാണ്. കൂടാതെ, LMR justification നടത്തിയപ്പോൾ, സിവിൽ വർക്കുകളുടെ മാത്രം ചെലവ് 7.55% അധികവും ഇലക്ട്രിക്കൽ വർക്കുകളുടെ ചെലവ് 0.60% കുറവുമാണെന്ന് കണ്ടെത്തി. ആകെ ക്വാട്ട് ചെയ്ത തുക Justified LMR തുകയേക്കാൾ കൂടുതലാണ്.

| Comparison Benchmark | Estimate Value | Quoted Rate (ULCCS) | Cost Differential (%) |
|---|---|---|---|
| DSR 2021 | ₹1,51,37,318 | ₹1,86,14,669 | +22% |

(4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കിഫ്ബി ധനസഹായത്തോടെ ഇംപാക്ട് കേരള മുഖേന നിർവഹിയ്ക്കുന്ന ഹരിപ്പാട് നഗരസഭ ആധുനിക വാതക ശ്മശാനം നിർമ്മാണവുമായി ബന്ധപ്പെട്ട് Probable Amount of Contract നേക്കാൾ 22% ശതമാനം അധികരിച്ച തുകയായ ₹1,86,14,669 രൂപയ്ക്ക് (ഒരു കോടി എൺപത്തിആറ് ലക്ഷത്തി പതിനാലായിരത്തി ആറുന്നൂറ്റി അറുപത്തിയൊൻപത് രൂപ) പുതുക്കിയ ഭരണാനുമതി നൽകി

ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി ഐ എ എസ്
സെക്രട്ടറി

പകർപ്പ്:-

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്

ഡയറക്ടർ, നഗരകാര്യം

മാനേജിംഗ് ഡയറക്ടർ, ഇംപാക്ട് കേരള

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കിഫ്ബി

പ്രസിഡന്റ്/ സെക്രട്ടറി, ഹരിപ്പാട് നഗരസഭ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം

പൊതുഭരണ(എസ് സി) വകുപ്പ് (തീരുമാനം നം................തീയതി...............)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ഓഫീസ് കോപ്പി/ കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Manju L S
സെക്ഷൻ ഓഫീസർ
Date: 17-02-2026 12:01:25